പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2062 18.06.2013 -ൽ മറുപടിക്ക്

കണ്ടക്ടറായി ജോലി സ്ഥിരപ്പെടുത്തിയവരുടെ മുൻകാല സർവ്വീസ്

ചോദ്യം — ഉത്തരം

ശ്രീ. കോവൂർ കുഞ്ഞുമോൻ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടറായി ജോലി സ്ഥിരപ്പെടുത്തിയവർക്ക് മുൻകാല സർവ്വീസ് പരിഗണിച്ച് 5 വർഷത്തെ സർവ്വീസ് ആനുകൂല്യം നൽകാം എന്ന കരാർ പാലിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വെളിപ്പെടുത്തുമോ ; | (എ) | 2008 ലെ സേവന വേതന കരാർ ഖണ്ഡിക XVIII (7) പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ട് 2001-ൽ റഗുലറൈസ് ചെയ്യപ്പെട്ട ജീവനക്കാർക്ക് മാത്രം സ്ഥിരനിയമനത്തിന് മുൻപുള്ള പന്ത്രണ്ട് (12) വർഷവും അതിൽ കൂടുതലും കാലത്തെ താൽക്കാലിക സേവനകാലം പരിഗണിച്ച് പ്രസ്തുത കാലയളവിലെ അഞ്ച് (5) വർഷം കൂടി അതാത് തസ്തികയിലെ സമയബന്ധിത ഗ്രേഡ് പ്രൊമോഷനുകൾക്ക് യോഗ്യ സേവന കാലമായി കണക്കാക്കുന്നതിന് തീരുമാനിച്ചിരുന്നു. 1979 മുതൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ജോലി ചെയ്ത് 2001-ൽ സ്ഥിരപ്പെട്ടവർക്ക് മാത്രമാണ് ഈ ആനുകൂല്യം ലഭിക്കുക. ഇത് നടപ്പിലാക്കിയിട്ടുണ്ട്. ഇത് സീനിയോറിറ്റിക്കോ മറ്റാനുകൂല്യങ്ങൾക്കോ കണക്കാക്കുന്നതല്ല. |
| (ബി) | മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിലുണ്ടാക്കിയ കരാർ പ്രകാരം 5 വർഷത്തെ സർവ്വീസ് നൽകണമെന്ന ചട്ടം ഭേദഗതി ചെയ്ത് മറ്റൊരു ചട്ടം നിലവിൽ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | 2008 ലെ സേവന വേതന കരാർ ഖണ്ഡിക XVIII (7) ഭേദഗതി ചെയ്തിട്ടില്ല. 2001 -ൽ സ്ഥിരമാക്കപ്പെട്ടവർക്ക് മാത്രമാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കരാറിന്റെയും ചട്ടത്തിന്റെയും വ്യവസ്ഥകൾക്ക് വിധേയമായി സർവ്വീസ് നിശ്ചയിച്ച് നൽകണമെന്ന ഹർജികളിന്മേൽ എന്തു തീരുമാനമെടുത്തുവെന്ന് വെളിപ്പെടുത്തുമോ ? | (സി) | ഹർജികൾ തീർപ്പുകൽപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ